# അക്ഷരവെളിച്ചം




## ലിറ്റിൽ കൈറ്റ്സ്

## കാർഡിനൽ എച്ച് എസ് തൃക്കാക്കര

# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**

-സ്നേഹമോൾ കെ എസ്

**സബ് എഡിറ്റേഴ്സ്**

-സുഹൈൽ അബൂബക്കർ

-മുഹമ്മദ് തൗഫിൻ

-സാലിം മുഹമ്മദ്

-അശ്വതി സുനിൽ

-ആരതി സുനിൽ

**അക്കാദമിക് കോർഡിനേറ്റ്സ്**

ഫാ. എബി ഇടശ്ശേരി -SITC

ശ്രീ.ഷാജി പി ജോസഫ് -Joint SITC

ശ്രീമതി.എൽസി ജോസഫ്

ശ്രീമതി.ആഷ്യൂ പി ജി





# താളുകൾ മറിക്കുമ്പോൾ....


| | |
|---|---|
| 1.തണൽ | 9 |
| 2.കേരളീയസമൂഹവുംധൂർത്തും | 11 |
| 3.അമ്പാടിയിലേക്ക് | 13 |
| 4.പുകയിലയെ പ്രതിരോധിക്കാം | 16 |
| 5.ഉറുമ്പ്– എന്റെ കഥകളെപ്പറ്റി ഞാൻ തന്നെ | 19 |
| 6. മഴ | 20 |
| 7.അനാഥമാകുന്ന ജീവിതങ്ങൾ | 21 |
| 8.സൗന്ദര്യ ലഹരി | 23 |
| 9.ഓണം | 24 |
| 10.കടൽമക്കൾക്ക് കുടിവെള്ളം | 26 |
| 11.ക്വിസ് | 29 |
| 13.അമ്മ | 31 |
| 14.പാരിന്റെ നന്മയ്ക്കത്രെ | 32 |
| 15.കൃഷ്ണഗാഥ അഥവാ കൃഷ്ണപ്പാട്ട് | 33 |
| 16. തുടിതാളം തേടി... | 34 |
| 17.പ്രകൃതി വന്ദനം | 35 |
| 18.മദ്യത്തെ അകറ്റി നിർത്താം | 37 |
| 19.ഒരു കുടന്ന വെളിച്ചമായ്..... | 39 |




20.മഹത്‌വചനം 40

21.മതിലേരിക്കന്നി 41

22.മനുഷ്യകഥാനുഗായികൾ 42

23. കുട്ടികളുടെ അവകാശങ്ങൾ 43

24.അമ്മ സ്നേഹത്തിന്റെ പ്രതീകം 44

25.ഒന്നാനാം കൊച്ചുതുമ്പി 45

26.മറിയകുട്ടിയുടെ കത്ത് 47

27.നദീതീരത്ത് 48

28.സാഹിത്യ വഴികളിലൂടെ 49

29.വായുവിൻെറ വില 56


30.മലയാള മാഷ് 57

31.ഓമനപ്പൂവി 57


32.കാളകൾ 58

33.വരയുടെ വഴിയിൽ–ക്രിസ്തുമസ്പുലരി 60

34.വിദ്യാർത്ഥി സമൂഹത്തിൽ മാധ്യമങ്ങൾ
ക്കുള്ള പങ്ക് 61





# ദേശീയഗാനം

ജനഗണമന അധിനായക ജയഹേ

ഭാരത ഭാഗ്യവിധാതാ,

പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ

ദ്രാവിഡ ഉത്ക്കല ബംഗാ

വിന്ധ്യഹിമാചല യമുനാഗംഗാ

ഉച്ഛലജലധിതരംഗാ,

തവശുഭനാമേ ജാഗേ,

തവശുഭ ആശിഷ മാഗേ,

ഗാഹേ തവ ജയഗാഥാ

ജനഗണമംഗലദായക ജയഹേ

ഭാരത ഭാഗ്യവിധാതാ.

ജയഹേ, ജയഹേ,ജയഹേ,

ജയ ജയ ജയ ജയഹേ!





# ആശംസകൾ...

ആധുനിക സാങ്കേതികവിദ്യ ഇന്ന് അനുദിനം പുരോഗതിയുടെ പാതയിലാണ്.കൊച്ചുകുട്ടികൾക്കുപോലും സാങ്കേതികവിദ്യയുടെ ലോകം അപരിചിതമല്ല.ഈ അവസരത്തിൽ ഗുണത്തോടൊപ്പം ദോഷവും പകർന്നുതരുന്ന ഒന്നാണെന്ന് മറന്നുപോകാതെ ശ്രദ്ധയോടെ ,സൂക്ഷ്മതയോടെ ,വിവേചനബുദ്ധിയോടെ സാങ്കേതികവിദ്യയുടെ ലോകം പ്രയോജനപ്പെടുത്തുവാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന "അക്ഷരവെളിച്ചം"എന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു.

ശ്രീമതി ലെജി ജോൺ

ഹെഡ്മിസ്ട്രസ്

# ആശംസകളോടെ....



കടലാസുകളിൽ നിന്നും ഡിജിറ്റൽ പേപ്പറുകളിലേയ്ക്ക് അക്ഷരങ്ങളെ പറിച്ചു നടുന്നു. കാലോചിതമായ മാറ്റം കടലാസുകളിൽ കോരിയിടുന്ന വർണ്ണങ്ങളും അക്ഷരങ്ങളും മനസ്സിൽ വരുത്തുന്ന ചെറുചലനങ്ങൾ സാങ്കേതിക മികവിന്റെ ഈ മാറ്റത്തിലും നഷ്ടപ്പെടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കാം.ലിറ്റിൽ കൈറ്റ്സിന്റെ ഈ പരിശ്രമങ്ങൾക്ക് എല്ലാവിധ വിജയാശംസകളും.

-ഫാദർ എബി ഇടശ്ശേരി

കൈറ്റ് മാസ്റ്റർ




ഒരു ജനതയ്ക്ക് കരുത്തും ആത്മവിശ്വാസവും നൽകുന്നതിൽ മാതൃഭാഷയ്ക്ക് നിർണ്ണായകമായ പങ്കുണ്ട്. മലയാളഭാഷ നമ്മുടെ നാടിന്റെ അഭിമാനവും പൗരത്വത്തിന്റെ അടയാളവുമാണ്.വായനയെന്നതിലുപരി സ്വന്തമായി എന്തെങ്കിലും രചിക്കുമ്പോഴാണ് മനസ്സിൽ മാതൃഭാഷയോടുള്ള സ്നേഹം വർദ്ധിക്കുന്നത്.കൈറ്റ് വിദ്യാർത്ഥികളായ ഞങ്ങൾ ഒരുക്കുന്ന മാസികയാണ് "അക്ഷരവെളിച്ചം".ഇതിലെ ഞങ്ങളുടെ രചനകൾ നിങ്ങൾക്കും ഒരു പ്രചോദനമാകട്ടെ.

ആശംസകളോടെ ,

സ്നേഹമോൾ കെ എസ്-IX.D

സ്റ്റുഡൻറ് എഡിറ്റർ

# തണൽ



വീണുപോകുന്ന നേരത്തു

തണലായി കൂടെയുണ്ടാകണം

അന്ദിനമെരിയുന്ന ചിത്തത്തിലിത്

കുളിരിൻെറ തണലേകണം ചന്ദനം പോൽ..

ഒട്ടല്ല വീഴ്ചകൾ ജീവിത

പാന്ഥാവിൽ തളരുവാൻ കാരണം

മോഹഭംഗങ്ങളോ....

എങ്കിലുമേകണം നീട്ടിയതയ്ക്കളാൽ

ഇത്തിരി തണലിൻെറ

നിലാവ് പൂത്തപ്പോൾ..

ചാരത്തണയുവാൻ

ചേർത്തുപിടിക്കുവാൻ നീയെന്നേ

തണലിൻെറ പശിമ വേണം

മൂകമാം മനസ്സിൻെറ താളവിന്യാസങ്ങൾ

നിൻ തണൽ വിരനിലാൽ

തഴുകിയുറക്കണം

-അബിഷേക് ഐ ബി -IX.D



# കേരളീയസമൂഹവും ധൂർത്തും

പണ്ട് മലയാളികൾ ഉള്ളതുകൊണ്ട് വളരെ നന്നായി ജീവിച്ചിരുന്നു.പണത്തിനോടുള്ള അമിതമായ ഭ്രമമോ ഒന്നും തന്നെ അക്കാലത്തുള്ളവർക്കുണ്ടായിരുന്നില്ല.നല്ലതുപോലെ അധ്വാനിച്ചായിരുന്നുഅവർ പണം ഉണ്ടാക്കിയത്.എന്നാൽ ഇന്നത്തെ തലമുറ ഇതിനെതിരായ പ്രവർത്തികളാണ് ചെയ്തുകൂട്ടുന്നത്.പണമെല്ലാം അവർ ധൂർത്തടിച്ച് നശിപ്പിക്കുന്നു.ധനികന്റെ ജീവിതമാണ് ഉയർന്നതെന്ന് സാധാരണക്കാർ ചിന്തിക്കുന്നു. അവരെ അനുകരിക്കാൻ ശ്രമിക്കുന്നവരാണ് ഇന്നത്തെ തലമുറക്കാർ. ആഡംബരജീവിതത്തിനായി യാചിക്കാനോ മോഷ്ടിക്കാനോ ഇക്കൂട്ടർക്ക് മടിയില്ല.പവിത്രമായ വിവാഹ ചടങ്ങുകളിൽപോലും ആർഭാടത്തിന്റെ ഇടങ്ങളായി ഇന്നു മാറിക്കൊണ്ടിരിക്കുന്നു.രണ്ടുപേർക്ക് താമസിക്കാൻ കൊട്ടാരംപോലുള്ള വീടാണിന്ന് പണിയുന്നത്. ഇതുപോലുള്ള പണം ധൂർത്തടിക്കുന്ന കാഴ്ച ഇന്ന് നമ്മുടെ നാട്ടിൽ സാധാരണമാണ്.



അനാവശ്യമായ പണത്തിന്റെ ഉപയോഗം മംഗളകരമല്ല.ആർഭാടജീവിതത്തിലും ലളിതമായ ജീവിതമാണ് ശ്രേഷ്ഠം.ലളിതമായ ജീവിതം ഐശ്വര്യത്തിനും സമൃദ്ധിക്കും വഴിയൊരുക്കും.എന്നാൽ ആർഭാടപരമായ ജീവിതം ആത്മഹത്യയിലേക്കാണ് നമ്മെ കൊണ്ടെത്തിക്കുന്നത്.വ്യക്തികളുടേയും സമൂഹത്തിന്റേയും നന്മയ്ക്ക് ലളിത ജീവിതത്തിനുതകുന്ന ചിന്തകളാണ് ആവശ്യം എന്ന്  നാം തിരിച്ചറിയണം.

-സ്നേഹമോൾ കെ എസ്-IX.D

# അമ്പാടിയിലേക്ക്

മായംകളഞ്ഞുള്ള മാമുനിമാരുടെ
മാനസമായൊരു മന്ദിരത്തിൽ
നിന്നുവിളങ്ങിന നന്ദകുമാരനെ-
ച്ചെന്നങ്ങു കാണ്മതിന്നായിച്ചെമ്മെ
അക്രൂരമായൊരു മാനസംപൂണ്ടുള്ളൊ-
രക്രൂരനാകിന യാദവന്താൻ
ചൊൽക്കൊണ്ടു നിന്നൊരു തേരിൽക്കരേറിയ-
ദ്ദിക്കിനെ നോക്കി നടന്നപ്പോൾ.
പോകുന്നനേരത്തു തന്നിലെ നണ്ണിനാൻ
ഗോവിന്ദപാദങ്ങളുള്ളിലാക്കി:
കണ്ണനെക്കാണ്മതിന്നായല്ലോ പോകുന്നു
പുണ്യവാനെന്നതു നിർണയം ഞാൻ.
ആയർകോൻതന്നുടെ കാന്തിയായുള്ളൊരു
പീയുഷവാരിതൻ പൂരംതന്ന
കോരിനിറച്ചുകൊണ്ടെന്നുടെ കണ്ണിണ
പാരം കുളിർപ്പിച്ചു നിൽപ്പനോ ഞാൻ.
കാർണവർ തന്നുടെ കൺമുനയായൊരു
കാർവണ്ടു വന്നിങ്ങു മെല്ലെമെല്ല
ദീനനായ് നിന്നൊരു ഞാനായ പൂവിൽനി-



ന്നാനന്ദമാടിക്കളിക്കുമോ താൻ?
കണ്ണന്റ്തൂമൊഴിയായൊരു തേൻകൊണ്ടെൻ
കർണങ്ങൾ രണ്ടും നിറച്ചു ചെമ്മേ
പൂമാതുപൂണുന്ന പൂമേനികണ്ടുക-
ണ്ടാമോദം പൂണ്ടു നിൽപ്പനോ ഞാൻ?
പുഞ്ചിരിയായൊരു തൂനിലാവേറ്റു നി-
ന്നെഞ്ചിത്തമായുള്ളൊരാൽ ചെമ്മേ
ഉല്ലസിച്ചാനന്ദമായൊരു തേനും പൂ-
ണ്ടല്ലലെപ്പോക്കുമാറുണ്ടോ വന്നു?
വെണ്ണ പിരണ്ടു തിണ്ണം  കുലുർത്തുള്ളൊ-
രുണ്ണിക്കൈയൊന്നു മുകർന്നുതാവു.
കണ്ടൊരു നേരത്തു കാർമുകിൽവർണനെ
മണ്ടിയണഞ്ഞൊന്നു പൂണ്ടുതാവു.

ചേവടി രണ്ടുമെടുത്തുടൻ മെല്ലവേ

ചൊവ്വോടു മൗലിയിൽ ചേർത്തുതാവൂ."

ഇങ്ങനെ തന്നിലേ ചിന്തിച്ചുചിന്തിച്ചു

പൊങ്ങിന കൗതുകം പൂണ്ടുപൂണ്ടു

സായമായുള്ളൊരു കാലം വരുന്നപ്പോ-

ളായർകുലം തന്നിൽ ചെന്നു പുക്കാൻ

ആഴിനേർവർണന്റെ ചേവടിത്താരിണ

പൂഴിയിൽക്കാണായി പോകുംനേരം

തേരിൽനിന്നന്നേരം പാരിലിറങ്ങീട്ടു

പാരാതെ കുമ്പിട്ടുകൂപ്പിനിന്നാൻ

ആഴംപൂണ്ടീടുന്നൊരാമോദം തന്നാലെ

പീഴിൽവ്വീണുപുരണ്ടാൻ ടെമ്മേ

പിന്നെഴുന്നറ്റു ധാന്യമായുള്ളൊരു

നന്ദന്റെ മന്ദിരം തന്നെക്കണ്ടാൻ;

കാലിറന്നുള്ളൊരൊച്ചയെുണ്ടങ്ങുമേ

ബാലൻമാർ കോലുന്ന ലീലകളും

ഒന്നിനോടൊന്ന് കലർന്നുകളിക്കുന്ന

കന്നും കിടാക്കളുമുണ്ടെങ്ങുമേ

കൃഷ്ണഗാഥ(ചെറുശ്ശേരി)

-ആരതി സുനിൽ-IX.D

# പുകയിലയെ പ്രതിരോധിക്കാം



ലഹരി വസ്തുക്കൾ സങ്കീർണമായ സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ആരോഗ്യം, സംസ്കാരം, സമ്പത്ത്, പഠനം, മനുഷ്യബന്ധങ്ങൾ എന്നിവയെല്ലാം തകർത്തെറിയുന്ന ലഹരിവസ്തുക്കളെ കണിശമായും വർജിക്കണം. ലോ

കത്ത് പത്തിലൊരാൾ എന്ന ക്രമത്തിൽ പ്രതിവർഷം അമ്പതുലക്ഷത്തോളം പേരുടെ മരണത്തിന് കാരണമാകുന്ന അതീവ മാരകമായ ലഹരി പദാർത്ഥമാണ് പുകയില. പുകയിലയുടെ ഉപയോഗം പ്രധാനമായും രണ്ടു രീതിയിലാണ്.

- പുകരഹിത പുകയില ഉപയോഗം
- പുകവലി

പുകയിലയിൽ ഒട്ടേറെ ദോഷകരവും മാരകവുമായ രാസവസ്തുക്കൾ അടങ്ങിയിരിക്കുന്നു. നിക്കോട്ടിൻ, ടാർ, ബെൻസീൻ, ഹൈഡ്രജൻ സയനൈഡ്, കാഡ്മിയം, അമോണിയ, പ്രൊപ്പലീൻ ,ഗ്ലൈക്കോൾ എന്നിവ അവയിൽ ചിലതാണ്.

**പുകയിലയുടെ ദോഷഫലങ്ങൾ**

- വിട്ടുമാറാത്ത ചുമ
- രക്തചംക്രമണം, രക്തസമ്മർദം എന്നിവയിലുണ്ടാകുന്ന പ്രശ്നങ്ങൾ
- ഹൃദ്രോഗം

- നാവ്, വായ, തൊണ്ട, സ്വനപേടകം, ശ്വാസകോശം, അന്നനാളം, ആമാശയം, പാൻക്രിയാസ്, കരൾ എന്നിവയെ ബാധിക്കുന്ന കാൻസർ

- ശ്വാസകോശരോഗങ്ങളായ ക്ഷയം, ബ്രോങ്കൈറ്റിസ്, എംഫിസീമ, ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമനറി ഡിസീസ് തുടങ്ങിയവ

- വായ്ക്കുള്ളിലെ രോഗങ്ങളായ പെരിയോഡോൺഡൈറ്റിസ്, പല്ലുകളിലെ നിറം മാറ്റം, പോടുകൾ, വായ്നാറ്റം, അണുബാധ തുടങ്ങിയവ

- പുകവലി ലൈംഗിക പ്രത്യുൽപ്പാദനശേഷി കുറയ്ക്കുന്നു. പുകവലിക്കാരായ സ്ത്രീകളിൽ ഗർഭസ്ഥശിശുക്കളുടെ ആരോഗ്യക്കുറവിനും ഇത് കാരണമാകുന്നു.

-അനീസ കെ എച്ച്-IX.D



# ഉറുബ്-

## എന്റെ കഥകളെപ്പറ്റി ഞാൻ തന്നെ

'' പ്രകൃതി ദയാപൂർവം എന്നിൽ നിക്ഷേപിച്ച - ഞാൻ ഉണ്ടാക്കിയതല്ല- മനുഷ്യനന്മയിലുള്ള വിശ്വാസം എന്നെ വിങ്ങിക്കരയിക്കുന്നു, പരിഹസിക്കുന്നു. ചിലപ്പോൾ ശുണ്ഠി പിടിപ്പിക്കുകയും ചെയ്യുന്നു. ഒക്കെക്കഴിഞ്ഞ് ആലോചിച്ചു നോക്കുമ്പോൾ മനുഷ്യമനസ്സിൽ പൊന്തിവരുന്നതിതാണ്- ഒടുങ്ങാത്ത വേദനകളും, ഓർക്കാനിഷ്ടപ്പെടാത്ത ഓർമ്മകളും, കൊടുത്താൽ മടക്കിത്തരാത്ത ഹൃദയങ്ങളും.എല്ലാമിരുന്നാലും പിന്നെയും ജീവിതം എത്ര സുന്ദരമാണ്''.

-ഉറൂബിന്റെതെരഞ്ഞെടുത്ത കഥകൾ

**-സഹ്ല എം ബി -IX.C**

# മഴ



മഴയൊരു സ്നേഹ സംഗീതമായി

ഭൂമിതൻ മാറിൽ പതിച്ചിടുമ്പോൾ

അമ്മതൻ നെഞ്ചിലൂറുന്ന

മധുഗണമാണീ ,മധുരമഴ,

തേൻമഴ ,നൽകുളിര് നൽകുന്ന

മഴയുടെ നർത്തനവേളയിൽ

മുറ്റത്തു ചെറുതോണിയുമായി

കുട്ടികളാർത്തുലസിക്കുന്നു.

-അഭിരാമി വി ബി -IX.B

# അനാഥമാകുന്ന ജീവിതങ്ങൾ



നല്ല തണുപ്പുള്ള രാത്രി.ആരുടെയോ കരച്ചിൽ കേട്ടാണ് രമ്യ അവിടേക്ക് വന്നത്.അവിടെ ഒരു വൃദ്ധൻ കരയുകയായിരുന്നു.അവൾ അയാളുടെ അടുത്ത് ചെന്ന് അദ്ദേഹത്തിന്റെ വിഷമത്തിന്റെ കാരണം അന്വേഷിച്ചു. ആദ്യം അയാൾ ഒന്ന് മടിച്ചെങ്കിലും പിന്നീട് അയാൾ തന്റെ വിഷമത്തിന്റെ കാരണം രമ്യയോട് പറയാൻ തുടങ്ങി.അയാളുടെ പേര് മുരളി. അമ്മയുടെ മരണത്തിനുശേഷം അച്ഛനാണ് മുരളിയെ വളർത്തിയത്. അമ്മയില്ലാത്തതിന്റെ യാതൊരു കുറവും അച്ഛൻ അവനെ അറിയിച്ചിരുന്നില്ല.

മുരളി വളർന്ന് വലിയ ഉദ്യോഗസ്ഥനായി.വിവാഹവും കഴിച്ചു .അതിനുശേഷം മുരളി തന്റെ അച്ഛനെ ഒരു ഭാരമായാണ് കണക്കാക്കിയത് .ചെറിയ ചെറിയ കാര്യങ്ങൾക്കുവരെ  അയാൾ തന്റെ അച്ഛനെ ശകാരിക്കാൻ തുടങ്ങി. അവൻ സ്വന്തം അച്ഛന്റെ മനസ്സ് വളരെ അധികം വേദനിപ്പിച്ചു .അവസാനം അയാൾ തന്റെ അച്ഛനെ വൃദ്ധസദനത്തിൽ ഉപേക്ഷിച്ചു.അങ്ങനെ ആ ജീവിതം അനാഥമാക്കി.

വർഷങ്ങൾ കടന്നു പോയി. മുരളിയും ഒരച്ഛനായി. അവരുടെ മകൻ പഠിച്ചു വളർന്ന് മിടുക്കനായി വലിയൊരു ഉദ്യോഗസ്ഥനായി.മുരളി അവരുടെ അച്ഛനോട് ചെയ്തതു പോലെ അവന്റെ മകൻ അവനോടും ചെയ്തു. മുരളിയെ ഒരു ഭാരമായി കണ്ട മകൻ മുരളിയേയും വൃദ്ധസദനത്തിലാക്കി. ഇത്രയും പറഞ്ഞുകൊണ്ട് അയാൾ പൊട്ടിക്കരഞ്ഞു.രമ്യ അവരെ ആശ്വസിപ്പിച്ചു. നാം നമ്മുടെ മാതാപിതാക്കളോട് എങ്ങനെ പെരുമാറുന്നുവോ അങ്ങനെത്തന്നെ നമ്മുടെ മക്കൾ നമ്മോടും പെരുമാറകയൊള്ളു. അയാൾ ഏങ്ങലോടെ പറഞ്ഞു.

-അശ്വതി സുനിൽ-IX.D

# സൗന്ദര്യ ലഹരി



പച്ചിലച്ചാർത്തിൻ പഴുതിങ്കിലൂടതാ കാണ്മൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ
ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-
ട്ടെത്രകാലമാ,യെന്നാലിനിയും തീർന്നില്ലല്ലോ!
ഓരോരോ ദിവസവുമത്യനർഘമായീടും
ചാരുതയൊന്നീ ലോകഗോളത്തെപ്പുതുക്കുന്നു.
അല്ലെങ്കിൽ, പ്രാപഞ്ചികജീവിതത്തിനെ, നമ്മ-
ളെല്ലാരുമിതിൻമുൻപേ വെറുത്തുകഴിഞ്ഞേനെ!
പൂർവദിങ്മുഖത്തിങ്കൾ സിന്ദൂരപൂരം പൂശി-
പ്പൂവിനെച്ചിരിപ്പിച്ചു വന്നെത്തും പുലരിയും;
മുല്ലമൊട്ടുകൾ വാരി വാനിങ്കൾ

-നെമീർ എം എ -IX.C

# ഓണം




മലയാളികളുടെ ദേശീയ ഉത്സവമാണ് ഓണം. സമൃദ്ധിയുടെയും ആനന്ദത്തിന്റെയും സുന്ദരസുദിനങ്ങൾ ചിങ്ങമാസത്തിന്റെ പിറവിയോടെ ഓണത്തെ എല്ലാവരും വരവേല്ക്കുന്നു. ഓണം എന്ന പദം പാലി ഭാഷയിൽ  നിന്ന്  രൂപപെട്ടതായി വിശ്വസിക്കുന്നു. ബുദ്ദമതക്കാരുടെ പാലി ഭാഷ ഒരു കാലയളവിൽ ബുദ്ദമതക്കാരുടെ വിഹാര കേന്ദ്ര

മായിരുന്ന ഈ കേരവൃക്ഷങ്ങളുടെ നാട്ടിൽ നിലനിൽ

ക്കുന്നു.

ഓണവുമായി ബന്ധപ്പെട്ടു അനേകം ഐതീ

ഹ്യങ്ങൾ നിലനില്ക്കുന്നു . മഹാബലി മുതൽ ചേരമാൻ പെരു

മാൾ രാജാവിന്റെ പേരിൽ വരെ ഓണവുമായി ബന്ധപ്പെട്ട

ഐതീഹ്യങ്ങൾ ഉണ്ട് . വിഷ്ണുഭക്തനായ പ്രഹ്ളാദന്റെ ചെ

റുമകനാണ് അസുരരാജാവായ മഹാബലി അഥവാ മാവേ

ലി. കള്ളവും ചതിയും  ഇല്ലാത്ത ഒരു രാജ്യ മാവേലി  പടു

ത്തുയർത്തി. ഏവരും സമൃദ്ധിയോടെയും സന്തോഷത്തോ

ടെയും വസിച്ചിരുന്നു.  മലയാളികൾ ഇപ്പോഴും ഓണത്തെ

സ്നേഹിക്കുന്നു.ആനന്ദത്തിൻ സുന്ദര സുദിനങ്ങൾ ഇപ്പോഴും

വരവേൽക്കുന്നു.മാവേലിയുടെ വരവിനായി നാം കാത്തി


രിക്കുമ്പോൾ ഒരു ഓണം കൂടി ആഗമിക്കുമ്പോൾ നമുക്ക്

ഒരു പടികൂടി ആനന്ദിക്കാം.

- സുഹൈൽ അബൂബക്കർ -IX.D

# കടൽമക്കൾക്ക് കുടിവെള്ളം...

## രാഷ്ട്രപതിയുടെ കൈയടി നേടി കാർഡിനൽ പ്രതിഭകൾ



ഇക്കഴിഞ്ഞ ശിശുദിനത്തിൽ രാജ്യതല സ്ഥാനമായ ന്യൂഡൽഹിയിൽ ഇന്ത്യയുടെ പ്രഥമ പൗരനായ രാഷ്ട്രപതി രാംനാഥ് കോവിന്ദിന് മുന്നിൽ നാടിന്റെ നന്മയ്ക്കുവേണ്ടി പ്രോജക്ട് അവതരിപ്പിച്ച വിദ്യാർത്ഥി

കളുടെ കൂട്ടത്തിൽ നമ്മുടെ നാടിന്റെ അഭിമാനമായ രണ്ടു പെൺകുട്ടികളുമുണ്ടായിരുന്നു.

തൃക്കാക്കര കാർഡിനൽ സ്കൂൾ വിദ്യാർത്ഥി നികളായ ഒൻപതാം ക്ലാസിലെ സഫ്ന ഫാത്തിമ, പതി നൊന്നാം ക്ലാസിലെ ആതിര സുരേഷ് എന്നിവരാണ് തീർ ത്തും വ്യത്യസ്തവും സാമൂഹിക പ്രതിബദ്ധതയുമുള്ള പ ദ്ധതി അവതരിപ്പിച്ച് രാഷ്ട്രപതിയുടെ അഭിനന്ദനത്തി നർഹരായത്.



നവംബർ 14-ന് അവതരിപ്പിച്ച 'ശുദ്ധജലോത് പാദനവും പ്ലാസ്റ്റിക് നിർമാർജനവും സീറോ വേസ്റ്റ് ഉത് പന്നത്തിലൂടെ 'എന്ന ആശയം പ്രായോഗികമാക്കുന്ന തിന്റെ ഭാഗമായി 'മിനിമം വയബിൾ പ്രോഡക്ട്'ഒരുക്കുന്ന തിരക്കിലാണ് ഇരുവരും ,ഒപ്പം സഹപാഠികളും അധ്യാപ കരുമുൾപ്പെടെ വിദ്യാലയമൊന്നാകെയുണ്ട്.'സീറോവേസ്റ്റ് ഫ്രഷ് വാട്ടർ ജനറേറ്റർ' എന്ന ഈ പ്രോജക്ട്, സ്കൂൾ വിദ്യാർത്ഥികളുടെ ആദ്യ സ്റ്റാർട്ടപ്പ് സംരംഭമാണെന്ന് അധികൃതർ അവകാശപ്പെടുന്നു.

വിദ്യാർത്ഥികളിലെ ശാസ്ത്രപ്രതിഭകളെ ക ണ്ടെത്തി വളർത്തിയെടുക്കുകയെന്ന ലക്ഷ്യവുമായി സ്കൂ ളുകളിൽ കേന്ദ്രസർക്കാർ നടപ്പിലാക്കിയ 'അടൽ ടിങ്കറി ങ് ലാബ് കാർഡിനലിലുമുണ്ട്. ഈ ലാബിലൂടെ പ്രോജ ക്ട്ഗൈഡ് ഡോ.മേഴ്സി തോമസിന്റെ മേൽനോട്ടത്തിലാ ണ് ആതിരയും സഫ്നയും സ്വപ്നപദ്ധതി സാക്ഷാൽ ക്കരിച്ചത്.

- സ്നേഹമോൾ കെ എസ് -IX D

# ക്വിസ്

1. പ്രസവവുമായി ബന്ധപ്പെട്ട ഹോർമോൺ

ഉത്തരം : *ഓക്സിടോസിൻ*

2.പരിചയമുള്ള ആളിന്റെയോ, വസ്തുവിന്റെയോ രൂപം മനസ്സിൽ വരാൻ തലച്ചോറിലെ സഹായിക്കുന്ന ഭാഗം?

ഉത്തരം : *വെർണിക്കിൾ ഏരിയ*

3.ആധുനിക ഒളിമ്പിക്സിന്റെ പിതാവ്?

ഉത്തരം : *പിയറി ഡി കുബാർട്ടിൻ*

4.ഇന്ത്യയിലെ ആദ്യത്തെ കായിക സർവ്വകലാശാല സ്ഥാപിതമായത് എവിടെ?

ഉത്തരം : *മണിപ്പൂർ*

5.കേരളത്തിലെ ആദ്യ വനിത മന്ത്രി

ഉത്തരം:. *കെ ആർ. ഗൗരിയമ്മ*

6. "സുഗുണ" ഏത് വിത്തിനമാണ്?

ഉത്തരം : *മഞ്ഞൾ*



7 പേരയ്ക്കായുടെ ജന്മനാട്?

ഉത്തരം : *മെക്സിക്കോ*

8.കരയിലെ ഏറ്റവും വലിയ മാംസഭുക്ക്?

ഉത്തരം: *ഹിമക്കരടി*

9.കംമ്പ്യൂട്ടറിൻെറ പിതാവ് ആര്?

ഉത്തരം : *ചാൾസ് ബാബേജ്*

10.വേൾഡ് വൈഡ് വെബിൻെറ സ്ഥാപകൻ ആര്?

ഉത്തരം : *ടിം ബേർണേഴ്സ് ലീ*

-മുഹമ്മദ് അമീൻ -IX .C

# ചെങ്ങന്നൂർ കുഞ്ഞാതി

ചെങ്ങന്നൂക്കുഞ്ഞാതീടെ പാട്ടുപാടാം

എൻെറാശാൻ ചൊല്ലിത്തന്ന പാട്ടുപാടാം

ചെങ്ങന്നൂക്കുഞ്ഞാതി ജനിച്ചു വളർന്നു

അരമണി കിങ്ങിണിയിട്ടു വളർത്തിയമ്മ

ഏഴര തിരുവയസ്സായി കുഞ്ഞാതിക്ക്

**-ദീപുകുമാർ ഇ കെ -IX.D**

# അമ്മ




കണ്ണായിരുന്ന അമ്മ പിന്നീട്
കണ്ണിലെ  കരടായി മാറി
മുലപ്പാലിന്റെയും മാറിലെ ചൂടിന്റെയും
ലാളനയുടെയും കടം വീട്ടിയങ്ങയച്ച
വൃദ്ധസദനമെന്ന പുരാവസ്തു കേന്ദ്രത്തിലേക്ക്
കണ്ണും പിന്നീട് കണ്ണിലെ കരടുമായമ്മയുടെ
കണ്ണിലേക്ക് മരണമരിച്ചുമ്കേറുമ്പോഴുമാ
പുരാവസ്തുവിന്റെ കണ്ണുകൾ തേടുന്ന
മനുഷ്യത്വമില്ലാത്ത പൊന്നോമനകളേ....

-സുഹൈൽ അബൂബക്കർ -IX.D

# പാരിന്റെ നന്മയ്ക്കത്രെ

ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂക്തം തരാം. നിങ്ങൾ സംശയഗ്രസ്തരാകുമ്പോഴോ അഹന്ത നിങ്ങളിൽ അതിരു കവിയുമ്പോഴോ ഈ ഒരു ഉപായം പരീക്ഷിച്ചു നോക്കിയാൽ മതി.നിങ്ങൾ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ദരിദ്രനായ,നിസ്സഹായനായ മനുഷ്യന്റെ മുഖം സങ്കൽപ്പിച്ചുനോക്കുക. എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ചുനോക്കുക. അതുകൊണ്ട് അയാൾക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമോ?അതയാൾക്ക് അയാളുടെ ജിവിതഭാഗധേയങ്ങളുടെ മേൽ ഏന്തെങ്കിലും ഒരു നിയന്ത്രണം ഉണ്ടാക്കി ക്കൊടുക്കുമോ? മറ്റൊരു രീതിയിൽ പറഞ്ഞാൽ നമ്മുടെ നാട്ടിൽ ആധ്യാത്മികമായും ശാരീരികമായും പട്ടിണികിടക്കുന്ന കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോ? അപ്പോൾ സംശയങ്ങളില്ലിതാകുന്നതായും അഹന്ത അലിഞ്ഞുപോകുന്നതായും നിങ്ങൾക്ക് അനുഭവപ്പെടും.

-ഗാന്ധിസാഹിത്യസംഗ്രഹം(ഗാന്ധിജി)

**-മുഹമ്മദ് മുഹസീൻ കെ എ -IX-D**

# കൃഷ്ണഗാഥ അഥവാ കൃഷ്ണപ്പാട്ട്

കൃഷ്ണഗാഥ എന്നാൽ കൃഷ്ണനെക്കുറിച്ചുള്ള പാട്ട് എന്നാണർത്ഥം. സാധാരണ ജനങ്ങൾക്കു പാടാനുള്ളതാണല്ലോ പാട്ട്. ശ്രീകൃഷ്ണനാവട്ടെ , സാധാരണക്കാരുടെ ആരാധനാപാത്രവും.

ശ്രീകൃഷ്ണൻെറ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കഥയാണ് ഇതിലെ ഉള്ളടക്കം. ഭാഗവതത്തിൽ നിന്നുമാണ് ചെറുശ്ശേരിക്ക് കൃഷ്ണഗാഥാരചനയ്ക്കുള്ള പ്രചോദനം ലഭിച്ചത്. ശ്രീകൃഷ്ണൻെറ ജീവിതത്തെ ആസ്പദമാക്കിയുള്ള ആദ്യത്തെ മലയാള മഹാകാവ്യമാണ് കൃഷ്ണഗാഥ. കൃഷ്ണഗാഥയെ പൂർവ്വഭാഗം, ഉത്തരഭാഗം എന്നിങ്ങനെ രണ്ടാക്കി,47 അദ്ധ്യായങ്ങളിലായി കൃഷ്ണൻെറ കഥ അവതരിപ്പിച്ചു. ഗാഥാവൃത്തമായ മഞ്ജരിയിലാണ് ഈ കാവ്യം രചിച്ചിരിക്കുന്നത്.

- നന്ദന ജീവൻ -IX C

# തുടിതാളം തേടി...



നമ്മുടെ മാതാവു-കൈരളി-പണ്ടൊരു

പൊന്മണിപൈതലായ് വാണ കാലം-

യാതൊരു ചിന്തയുമിലാതെ കേവലം

ചേതസി തോന്നിയ മാതിരിയിൽ

ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-

റോടിക്കളിച്ചു രസിച്ച കാലം-

പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ

വറ്റിയിലാത്ത പൂകണ്ഠത്താൽ

പാടിയിരുന്ന പഴകഥപ്പാട്ടുകൾ

പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം.

-വള്ളത്തോൾ

-സാനിയ നൗഷാദ് -IX C

# പ്രകൃതി വന്ദനം




ഉയിരിൻ നിറകുടമാം പ്രകൃതിക്കു മുന്നിൽ

ഒരു ചെറു തരി പോൽ പകച്ചുനിൽക്കേ

ആകുന്നില്ലെനിക്കുനിൻ മഹാത്മ്യമോതാൻ

എന്നാലറിയുന്നു ഞാൻ നിൻ ദേവസ്പർശം

കളകളമൊഴുകുന്നൊരുവിയിൽ പോലും

വിരിയുന്നൊരാ നിൻ പൂർണ്ണ വീചി

സൂര്യൻെറയൊരാ വർണ്ണ ദീപമാം

ശബളത്തിൻതെളിയുന്നൊരാനിൻെറ പുഞ്ചിരി

പൂവിൽ നിറയും മധു കണക്കെ

നീയെന്നിൽ പൊരിയുന്നൊരീ സ്നേഹഹർഷം

നമിക്കുന്നു നിന്നെ ഞാൻ താഴ്മയോടെ

സ്തുതിക്കുന്നു നിന്നെ ഞാൻ കൃതാർഥയായി

**-പവിത്ര വി എസ് -VIII.B**

# മദ്യത്തെ അകറ്റി നിർത്താം




മാരകമായ വിഷാംശം മൂലം കരളിന്റെ കോശങ്ങൾ നശിക്കുന്നു.പക്ഷെ കരളിന് മറ്റുള്ള അവയവത്തേക്കാൾ കോശങ്ങളെ പുനർനിർമിക്കാൻ കഴിവുണ്ട് എന്ന് കണ്ടു പിടിച്ചിട്ടുണ്ട്. പക്ഷെ അത് ഒരു പരിധിവരെ മാത്രമാണു ള്ളത്. ആ പരിധി കഴിഞ്ഞാൽ കരളിന്റെ കോശങ്ങൾ മുഴു വൻ നശിക്കുകയും കരളിന്റെ പ്രവർത്തനം പൂർണമായും നിലക്കുകയും ജീവൻ മരണത്തോട് അടുക്കുകയും ചെയ്യു ന്നു. കരളിന് കോശങ്ങളെ പുനർനിർമിക്കാൻ കഴിവുള്ളത്

കൊണ്ടാണ് മദ്യപാനികൾ വേഗത്തിൽ മരണപ്പെടാത്ത

ത്.മദ്യത്തിൽ ഒരുപാട് വിഷാംശങ്ങൾ അടങ്ങിയിട്ടുണ്ട്.



അതുകൊണ്ട് ,

മദ്യം ജീവിതത്തിൽ നിന്ന് അകററി നിർത്തുക.......

നമുക്ക് ഒരിമിച്ച പോരാടാം.............

**-ബീമ നസ്റിൻ കെ എം -IX C**

# ഒരു കുടന്ന വെളിച്ചമായ്.....

ഒരിക്കൽ ഒരു മനുഷ്യൻ തൻെറ കൃഷിയിടത്തിൽ നിന്ന് അതി മനോഹരമായ ഒരു വെണ്ണക്കൽപ്രതിമ കുഴിച്ചെടുത്തു. സൗന്ദര്യവസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയ്തിരുന്ന ഒരാളുടെ അടുത്തേക്ക് അയാൾ അതുമായി ചെന്നു .അയാൾ ആ പ്രതിമയെ ഒരു വലിയ




തുകയ്ക്ക് സൗന്ദര്യാസ്വാദകനു വിറ്റു .പണവുമായി വീട്ടിലേക്കു മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി .ഈ പണം എന്തുമാത്രം ജീവിതസൗകര്യങ്ങളാണ് നൽകുന്നത് ! എല്ലാവരാലും അവഗണിക്കപ്പെട്ട് ആയിരത്തോളം വർഷങ്ങളായി മണ്ണിനുള്ളിൽ പുതഞ്ഞു കിടന്നിരുന്ന ഒരു മൃത ശിലാഖണ്ഡത്തിനു പകരമായി ഇത്രമാത്രം പണം നൽകി ഏതു വിഡ്ഢി വിലയ്ക്കു വാങ്ങും?അപ്പോൾ തന്റെ കൈക്കലെത്തിച്ചേർന്ന

പ്രതിമയിലേക്കു നോക്കി സൗന്ദര്യാസ്വാദകൻ ഇങ്ങനെ ചിന്തിക്കുകയായിരുന്നു: എന്തൊരു സൗന്ദര്യം! എന്തൊരു ജീവപ്രകാശം! ആയിരം വർഷങ്ങളുടെ നിർമ്മലമധുരമായ നിദ്രക്കുശേഷം എന്റെ കൈകളിലെത്തിച്ചേർന്നിരിക്കുന്നത് ഏത് ആത്മാവിന്റെ സ്വപ്നമാണ് !മൃതവും സ്വപ്നരഹിതവുമായ പണത്തിനു പകരമായി ഇതിനെ കൈമാറാൻ ആർക്കു തോന്നും?

- രശ്മി പ്രിയ -IX D

## മഹത്വചനം



*" വിജയത്തിലൂടെ കൈവരിക്കുന്നതല്ല ശക്തി, നിങ്ങളുടെ പ്രശ്നങ്ങളാണ് നിങ്ങളുടെ ശക്തിയെ രൂപീകരിക്കുന്നത്. ജീവിതത്തിലെ ഏറ്റവും വിഷമകരമായ ഘട്ടങ്ങളിൽ സ്വയം അടിയറവ് പറയില്ലെന്ന് നിങ്ങൾ തീരുമാനിച്ചാൽ അതാണ് ശക്തി".*

*-മുഹമ്മദ് തൗഫിൻ* -IX .B

# മതിലേരിക്കന്നി

തിരുവെഴുത്താലോലാതു കണ്ടോണ്ടാരെ
കിടുകിടെ പൊട്ടിക്കരഞ്ഞേ കന്നി
കണ്ണീരും കൈയ്യ്വായി നിന്നവള്
കരഞ്ഞും പറഞ്ഞല്ലോ കുഞ്ഞിക്കന്നി
കനകം നാളേറെ മനം കൊതിച്ച്
കരളിനകത്തുള്ള നാടുവാഴിക്ക്
അറിയാതെയായിരം കുറ്റം കണ്ട്
അതിനെന്തുടയോനെ! വേണ്ടത് ഞാനേ
ഓലുണ്ടെരിപൊരിയങ്കത്
ഞാനുണ്ടിപ്പട്ടൂരിക്കട്ടുമ്മല്
ഓലുണ്ടമ്മണ്ണിലും ചോരയിലും
ഞാനുണ്ടീയേഴ് തട്ട് മാള്യ്യേമ്മല്
പൊറുക്കുന്നില്ലച്ഛാ പൊറുക്കുന്നില്ലേ
നെഞ്ഞുണ്ടിരുമ്പൊലച്ചൂളയാവുന്നേ!
പതിനേഴും കോപ്പും തലതേഞ്ഞിറ്റ്
പതിനെട്ടോടത്താഴം വെച്ചെനക്ക്
ഇരുപത്തിയാറ് വയസ്സവർക്ക്
തിരുമേനി പടയിലെന്തേം വന്നെങ്കില്
എവിടെവെച്ചച്ഛാ പൊറുക്കും ഞാനേ



നാട്ടുവാഴി തെളിഞ്ഞാലേ ഞാൻ തെളിയൂ!

-സമ്പാദനം , ടി. എച്ച്.കുഞ്ഞിരാമൻനമ്പ്യാർ

-സ്നേഹമോൾ -IX D

# മനുഷ്യകഥാനുഗായികൾ

ഗുരു ശിഷ്യർക്കു മുന്നിലെത്തി .

അന്നേരം കിളിവാതിലിലൊരു പക്ഷി വന്നിരുന്നു.

അതു പാടാൻ തുടങ്ങി.

അവർ ആ പാട്ടിൽ ലയിച്ചിരുന്നു.

പക്ഷി പറന്നുപോയപ്പോൾ ഗുരു പറഞ്ഞു .

ഇനി പൊയ്ക്കോളൂ.

ഇന്നത്തെ അധ്യയനം കഴിഞ്ഞു.

-സെൻകഥ

-സാനിയ നൗഷാദ്...IX C

# കുട്ടികളുടെ അവകാശങ്ങൾ

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ വികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരിരീകവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- അവഗണനകളിൽ നിന്നുള്ള സംരക്ഷണം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം പങ്കാളിത്തത്തിനുള്ള അവകാശം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം

**റിസ്ന കെ ബി -IX.D**

# അമ്മ സ്നേഹത്തിന്റെ പ്രതീകം



അമ്മ സ്നേഹത്തിൻ പ്രതീകമാണ് . വീടിൻെറ ഐ ശ്വര്യമാണ്.അമ്മ വിളക്കിലും പരിശുദ്ധിയിലും നിറഞ്ഞ താണ്.അമ്മയുടെ സ്നേഹത്തിനു മുമ്പിൽ ഒന്നും ഇല്ല.നമ്മു ടെ ജനനം മുതൽ നമ്മെ ഒരു നല്ലനിലയിൽ,എത്തിക്കുന്ന തുവരെ അമ്മയും അച്ഛനും വളരെയധികം പരിശ്രമിക്കും. ദൈവമാണ് അമ്മ. ആ ദൈവത്തെ ബഹുമാനിക്കുക, ആദ രിക്കുക,സംരക്ഷിക്കുക. അത് നമ്മുടെ അവകാശമാണ്. എന്നാൽ ഇന്ന് പല അമ്മമാരും അവഗണിക്കപെടുകയാ ണ്. മക്കളുടെ ജോലിതിരക്കു കാരണം,അമ്മയെ ഒന്നു ക ണ്ട് സുഖവിവരം അറിയാൻ പോലും സമയമില്ല .

-അഖില പി എസ് -IXD

# ഒന്നാനാം കൊച്ചുതുമ്പി



ഒന്നാനാം കൊച്ചുതുമ്പി

എന്റെ കൂടെ പോരുമോ

നീന്റെ കൂടെ പോന്നാലോ

എന്തെല്ലാം തരുവെനിക്ക്

കളിപ്പാനോ കളം തരുവാൻ

ഇട്ടിരിപ്പാൻ പൊൻ തടുക്ക്

ഇട്ടുണ്ണാൻ പൊൻ തളിക

കൈ കഴുകാൻ വെള്ളി കിണ്ടി

കൈ തോർത്താൻ പുള്ളി പട്ട്

ഒന്നാനാം കൊച്ചുതുമ്പി

എൻെറ കൂടെ പോരുമോ നീ.

**അബിഷേക് സി ബി -IX.B**

# മറിയകുട്ടിയുടെ കത്ത്

ചക്ക്പലമേലിരുന്ന് ചക്കര തിന്നാലും

സംശയം കൂടാതെ പുണ്ണാക്കാണതെന്ന് ബോലും

ഹഖറിയാതാട്ടിയാളെ വാക്ക് കേട്ടിട്ടല്ലേ,

അല്ലലായെ ചേരമാരൻെറ ചേതി കേട്ടിട്ടല്ലേ?

ഒക്കെയും കണ്ണും ചെവിടില്ലാതെ കാണും റബ്ബ്

ഓനറിയാം എന്നിലുങ്കൾ മേലിലുള്ള ഹുബ്ബ്

വെക്കമെന്നെ ദുക്കമിക്കുയ്യിന്ന് കരക്കാക്കി

വെത്തിടാനപേക്ഷ വിണ്ടിക്കത്ത് മതിയാക്കി ...

-പുലിക്കോട്ടിൽ ഹൈദർ

-ഐഷ നസ്റിൻ ഒ ഐ -IX.D

# നദീതീരത്ത്



ഈന്തൽച്ചക്കയുടെ മട്ടിലുള്ള ആ മൊട്ടക്കുന്നിന്റെ കടയ്ക്കലൂടെ ഒരു ചെറുപുഴ പാമ്പിനെപോലെ ഇഴഞ്ഞു പോകുന്നു. പടുമരങ്ങളുടെ താഴ്ന്നകുത്തിയ ശിഖരങ്ങളും, ചെറുകാഞ്ഞിരമരങ്ങളും,തുടർവള്ളികളും കെട്ടിപിണഞ്ഞു മിക്കവാറും മറക്കപ്പെട്ടിരിക്കുകയാണ് പുഴക്കര. ബീഭത്സമായൊരു ദിവാന്ധകാരം അവിടെ ഒട്ടിപ്പിടിച്ചു കിടക്കുന്നു. അതിനരിക നടുപ്പുഴയിൽ ഒരു കയമാണ്. കയത്തിൽ മുങ്ങികിടക്കുന്ന ഒരു പാറയുണ്ട്. തലവെട്ടിപാറയെന്ന് പഴമക്കാർ പറയും.പണ്ടുക്കാലത്ത് കുറ്റവാളികളെ ശിരച്ഛേദം ചെയ്തിരുന്ന സ്ഥലമാണ് . അവിടെ ആരും കുളിക്കാറില്ല. അവിടത്തെ ജലത്തിന് ഒരു നിറപ്പകർച്ച കാണാം.

**-സാലിം മുഹമ്മദ് കെ എം -IX D**


# സാഹിത്യ വഴികളിലൂടെ....



## ഒ.എൻ.വി കുറുപ്പ്

മലയാളത്തിലെ പ്രശസ്തകവിയായിരുന്ന ഒ. എൻ. വി കുറുപ്പ് .ഒ.എൻ.വി. എന്ന ചുരുക്കപേരിലും അറിയപ്പെടുന്നു.ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നാണ് പൂർണ്ണനാമം.കൊല്ലം ജില്ലയിലെ ചവറയിൽ ഒറ്റപ്ലാക്കൽ കുടുംബത്തിൽ ഒ. എൻ കൃഷ്ണകുറുപ്പിന്റെയും കെ. ലക്ഷ്മിക്കുട്ടി അമ്മയുടേയും പുത്രനായി 1931 മെയ് 27 ന് ജനിച്ചു. 1948-ൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും ഇൻറർമീഡിയറ്റ് പാസ്സായ ഒ.എൻ.വി കൊല്ലം എസ്.എൻ.കോളേജിൽ ബിരുദപഠനത്തിനായി ചേർന്നു.1952-ൽ സാമ്പത്തികശാസ്ത്രത്തിൽ ബിരുദമെടുത്തു.തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1955-ൽ മലയാളത്തിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി.ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനത്തിൽ സജീവമായിരുന്നു.കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗം , കേരള സാഹിത്യഅക്കാദമി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. സാഹിത്യ

രംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാന പീഠപുരസ്കാരം ഇദ്ദേഹത്തിന് 2010-ൽ ലഭിച്ചു.പത്മശ്രീ (1998), പത്മവിഭൂഷൺ (2011) ബഹുമതികൾ നൽകി കേന്ദ്രസർക്കാർ ആദരിച്ചിട്ടുണ്ട്.നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും നൃത്തശി ൽപങ്ങൾക്കും ഗാനങ്ങൾ രചിച്ചിട്ടുണ്ട്. വാർദ്ധക്യസഹജ മായ അസുഖങ്ങളെത്തുടർന്ന് 2016 ഫെബ്രുവരി 13-ന് തിരുവനന്തപുരത്തുവച്ച് അന്തരിച്ചു.



## സി.വി.ശ്രീരാമൻ

തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ ജനി ച്ചു. കഥാകൃത്ത്,രാഷ്ട്രീയപ്രവർത്തകൻ, അഭിഭാ ഷകൻ. കേരള സാഹിത്യ അക്കാദമി ഉപാധ്യ ക്ഷൻ, കേന്ദ്രസാഹിത്യ അക്കാദമി അംഗം എന്നീ പദവി കൾ വഹിച്ചിട്ടുണ്ട് . ഗ്രാമപ്പഞ്ചായത്ത് എന്നിവയുടെ പ്രസി ഡൻറായിരുന്നിട്ടുണ്ട്. വാസ്തുഹാര, ക്ഷുരസ്യധാര, ഓർമ്മച്ചെ പ്പ്,തീർഥക്കാവടി, ദു:ഖം,പുറംകാഴ്ചകൾ, ചക്ഷുശ്രവണഗള സ്ഥമാം തുടങ്ങിയവ കൃതികൾ.കേന്ദ്ര – കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

## എൻ. പി. മുഹമ്മദ്

മലയാളത്തിലെ ശ്രദ്ധേയനായ ചെറു കഥാകൃത്തും നോവ

ലിസ്റ്റും. 1928-ൽ കോഴിക്കോട് ഇടിയങ്ങരയിൽ ജ നിച്ചു. കേരള സാഹിത്യ അക്കാദമി അധ്യക്ഷനായി പ്രവർത്തിച്ചി ട്ടുണ്ട്. നോവൽ, കഥ, നിരൂപണം തുടങ്ങി ശാഖകളി നിരവ ധി കൃതികൾ രചിച്ചിട്ടുണ്ട്. 2003 ൽ അന്തരിച്ചു.



പ്രധാനകൃതികൾ : തൊപ്പിയും തട്ടവും, മരം, പ്രസിഡൻറ് ആദ്യത്തെ മരണം, എണ്ണപ്പാടം, ഹിരണ്വ കശിപു ഗുഹ, ദൈവത്തിൻെറ കണ്ണ്, വാരിയെല്ലുകൾ, മാനുഷീകം. മുഖ്യബഹുമതികൾ : കേരള സാഹിത്യ അക്കാദമി അവാർ ഡ്, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, ലളിതാംബിക അന്തർജനം അവാർഡ്,പത്മപ്രഭാപുരസ്കാരം, മുട്ടത്തു വർക്കി അവാർഡ്

## നാരായൻ



ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂ ക്കിൽപെടുന്ന കുടയത്തൂരിൽ 1940 സെപ്തംബർ 26 നു ജനിച്ചു. 'കൊച്ച രേത്തി'യാണ് ആദ്യ നോവൽ . ഊരാ ളിക്കുടി, വന്നല, ആരാണു തോൽക്കുന്നവർ, കഥകൾ- നാരായണൻ എന്നിവയാണു പ്രധാന കൃതികൾ. ഗോത്ര സ്മൃതികളുടെ അനുഭവം പേറുന്നവയാണ് അദ്ദേഹ ത്തിൻെറ രചനകൾ. 'കൊച്ചരേത്തി'ക്കു കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

# നിത്യചൈതന്യയതി



പത്തനംതിട്ടയിലെ വകയാറിൽ ജനിച്ചു. തത്ത്വചിന്തകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. മനശ്ശാസ്ത്രം ജീവിതത്തിൽ, യതിചര്യ, മൂല്യങ്ങളുടെ കുഴമറിച്ചിൽ, നളിനി എന്ന കാവ്യശിൽപ്പം, സമ്യക്കായ ലോകവീക്ഷണം, എന്റെ മനസ്സിലെ ഗാന്ധി, പ്രേമവും ഭക്തിയും തുടങ്ങി നൂറിലേറെ മലയാളകൃതികൾ രചിച്ചിട്ടുണ്ട്.Neither this nor that തുടങ്ങി അൻപത്തിയെട്ടോളം ഇംഗ്ലീഷ് കൃതികളും രചിച്ചു. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

# ഉള്ളൂർ എസ്. പരമേശ്വരയ്യർ



ആധുനിക കവിത്രയത്തിലൊരാൾ. സുബ്രഹ്മണ്യയ്യരുടെയും ഭഗവതി ആമ്മാളിന്റെയും പുത്രനായി 1877 ൽ ചങ്ങനാശ്ശേരിയിലെ പെരുന്നായിൽ ജനിച്ചു. കവി, സാഹിത്യ ചരിത്രകാരൻ, ഭാഷാശാസ്ത്രഗവേഷകൻ, പ്രബന്ധകാരൻ തുടങ്ങിയ നിലകളിലെല്ലാം പ്രശസ്തനാണ്.

പ്രധാനകൃതികൾ: ഉമാകേരളം, ചിത്രശാല, പിംഗള, ഭക്തിദീപിക, കർണഭൂഷണം,മംഗളമഞ്ജരി, ചിത്രോദയം, താര

ഹാരം, മണിമഞ്ജൂഷ, ദീപാവലി ,കാവ്യചന്ദ്രികതരംഗിണി, കിരണാവലി, വിജ്ഞാനദീതിക, കൽപശാഖി, അമൃതധാര.

## ഇമ്മാനുവൽകാന്റ്



പതിനെട്ടാം നൂറ്റാണ്ടിലെ വിഖ്യാതനായ ജർമ്മൻ തത്വചിന്തകൻ. 1724 – ൽ ജനിച്ചു. ശുദ്ധയുക്തിയുടെ വിമർശകൻ എന്ന പേരിൽ അദ്ദേഹം പ്രശസ്തനായി. 1749 – ൽ തത്വചന്തയിലെ തന്റെ ആദ്യ കൃതി പ്രസിദ്ധീകരിച്ചു. 'ജീവശക്തികളുടെ യഥാർത്ഥ വില മതിപ്പിനെക്കുറിച്ചുള്ള ചിന്തകൾ' എന്നായിരുന്നു ആ കൃതിയുടെ പേര്. സർവകലാശാലയിൽ തത്വമീമാംസാ അദ്ധ്യാപകനായിരുന്നു കാന്റ്. 1781 ൽ 'ശുദ്ധയുക്തിയുടെ വിമർശനം' പ്രസിദ്ധീകരിച്ചു. 1788 ൽ പ്രായോഗികയുക്തിയുടെ വിമർശനവും 1790 ൽ തീരുമാനങ്ങളുടെ വിമർശനവും 1797 ൽ സന്മാർഗ- തത്വമീമാംസയും പ്രസിദ്ധീകരിച്ചു. ജീവിച്ചിരുന്ന കാലത്തുതന്നെ കാന്റിന്റെ താത്വിക സിദ്ധാന്തങ്ങൾക്ക് വലിയ പ്രചാരം ലഭിച്ചിരുന്നു. 1804 ൽ അന്തരിച്ചു.




## പി.ഭാസ്കരൻ

കവി,ഗാനരചയിതാവ്,ചലച്ചിത്രകാരൻ,മാധ്യമപ്രവർത്തകൻ എന്നിവ

കളിൽ പ്രശസ്തൻ.ദീർഘകാലം ആകാശവാണിയിൽ ജോലി ചെയ്തു. ദീപിക പത്രാധിപർ,ഏഷ്യാനെറ്റിന്റെ ആദ്യ ചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട്. പത്മശ്രീ,കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ജെ.സി.ഡാനിയേൽ അവാർഡ് എന്നീ ബഹുമതികൾക്ക് അർഹനായി. ഒറ്റക്കമ്പിയുള്ള തംബുരു, ഓർക്കുക വല്ലപ്പോഴും,വയലാർ ഗർജിക്കുന്നു,ഓടക്കുഴലും ലാത്തിയും, ഒരിക്കൽക്കൂടി, കായൽക്കാറ്റ്, രണഭേരി, കർഷ കഗാനം, മുൾക്കിരീടം ,മുഖത്തോടുമുഖം, ദേശിയഗാനങ്ങൾ, സിനിമാഗാനങ്ങൾ,നാഴിയുരിപ്പാല്,കാടറുമാസം,സിനിമാനിർമ്മാണം എന്നിവയാണ് പ്രധാന കൃതികൾ.

## ജവഹർലാൽനെഹ്റു




ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി . അലഹാബാദിൽ 1889 നവംബർ 14 ന ജനിച്ചു .പതിനഞ്ചാം വയസ്സിൽ വിദ്യാഭ്യാസം നേടുന്നതിനായി ഇംഗ്ലണ്ടിലേക്കു പോയി .1992 ൽ ഇന്ത്യയിൽ തിരിച്ചെത്തി .സ്വാതന്ത്ര്യ സമരത്തിനു നേതൃ



ത്വം നൽകി.പലപ്രാവശ്യം ജയിലിൽ കഴിയേണ്ടിവന്നു . ഇന്ത്യയെ കണ്ടെത്തൽ , ഒരച്ഛൻ മകൾക്ക് അയച്ച കത്തുകൾ തുടങ്ങിയവ പ്രധാന കൃതികൾ .

## എ. പി.ജെ അബ്ദുൾകലാം



തമിഴ് നാട്ടിലെ രാമേശ്വരത്ത് ജൈനുലബ്ദിയുടെയും ആയിശമ്മയുടെയും മകനായി 1931 ഒക്ടോബർ 15ന് ജനിച്ചു . മുക്കുവർക്ക് വള്ളം വാടകയ്ക്ക് നല്കിയാണ് പിതാവ് വീട്ടു ചെലവ് കണ്ടെത്തിയിരുന്നത്. രാമേശ്വരത്തും തിരുച്ചിറപ്പള്ളിയിലെ സെന്റ് ജോസഫ് കോളേജിലും മദ്രാസ് എം. ഐ. ടിയിലും ബാംഗ്ലൂരിലെ ഹിന്ദുസ്ഥാൻ എന്നിവിടങ്ങളിലുമായാണ് അബ്ദുകലാം പഠനം പൂർത്തിയാക്കിയത് .

-ദീപു, ഹിസാന, നന്ദന, തൗഫിൻ, സഹ്ല, രശ്മിപ്രിയ , റിസ്ന -IX



# വായുവിൻെറ വില

നാം ശ്വസിക്കുന്ന വായു പ്രകൃതിയുടെ വരമാണ്.എന്നാൽ അതിൻെറ യഥാർഥ വിലയെന്താണ്? ഡൽഹിയിൽ 2.75 ലിറ്റർ വരുന്ന ഒരു ഓക്സിജൻ സിലണ്ടറിൻെറ ഇപ്പോഴത്തെ വില 6500 രൂപയാണ്.ലിറ്ററിന് 2364 രൂപ. ഒരാൾക്ക് ഒരു ദിവസം 550 ലിറ്റർ ഓക്സിജൻ വേണം.ഒരു ദിവസം ഒരാൾക്കാവശ്യമായ ഓക്സിജൻെറ വിനിമയമൂല്യം 1300200 രൂപയാണ്.ഒരു മരം ഒരു ദിവസം ശരാശരി 275 ലിറ്റർ ഓക്സിജൻ പുറത്തു വിടുന്നു.രണ്ട് മരം പുറത്തു വിടുന്ന ഓക്സിജൻ വേണം ഒരാൾക്ക് ശ്വാസം മുട്ടാതെ ജിവിക്കാൻ.നാലംഗങ്ങളുള്ള ഒരാളുടെ വീട്ടുവളപ്പിൽ എട്ടു മരമില്ലെങ്കിൽ അയാൾ ഓക്സിജൻെറ കാര്യത്തിൽ കടക്കാരനാണ്.

**-മുഹമ്മദ് ബിലാൽ -X.B**



# മലയാള മാഷ്

സംസാരഭാഷയിലും എഴുത്തിലും മറ്റും വരുന്ന
ചില തെറ്റുകൾ നമുക്ക് പറഞ്ഞുതരികയാണ്
'മലയാളം മാഷ്'.

ആമ:- എന്റെ കൈയിൽ മൂന്ന് മിഠായികളേയുള്ളൂ.

മുയൽ:-എന്റെ കൈയിൽ അഞ്ച് മിഠായികളുണ്ട്.

കാക്ക:-കുട്ടികളേ അഞ്ച് മിഠായി, മൂന്ന് മിഠായി എന്നിങ്ങനെയേ പറയാവൂ. മിഠായി, കല്ല് തുടങ്ങിയ അചേതനവസ്തുക്കളുടെ എണ്ണം പറയുമ്പോൾ ബഹുവചന പ്രത്യയമായ 'കൾ' ചേർക്കേണ്ടതില്ല.

-സഹ്‌ല എം ബി -IX.C


# ഓമനപ്പൂവി

പൊട്ടിക്കയിണ്ടോൾ ഓമനപ്പൂവി
എന്നും കരയിണ്ടോൾ ഓമനപ്പൂവി്
നമ്മള ഓടം കൊടുക്കിണ്ടി ബാപ്പാ?
എന്നെ വിൽക്കിൽ ബാപ്പാ ഓടം ബില്ലായേ!

ലക്ഷദ്വീപിലെ നാടൻ പാട്ടുകൾ

-നെമീർ എം എ -IX C

# കാളകൾ



തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി-
ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുമ്പോൾ
മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കുനിക്കടി
തോളുകൾ കുനിഞ്ഞിട്ടുണ്ടവന്നും സ്വജീവിത-
നാളുകൾ തൽകണ്ഠത്തിലേറ്റിയ നുകം പേറി.
കാലുകൾ തേഞ്ഞട്ടുണ്ടിന്നവന്നും നെടുനാള-
ക്കാലത്തിൻ കുരാളമാം പാതകൾ താണ്ടിത്താണ്ടി.
ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ

നിർവികാരങ്ങളാണാക്കണ്ണുകൾ നിർജീവങ്ങൾ.
മന്നിന്റെ നിലയ്ക്കാത്ത പ്രഹരം സഹിക്കയാൽ
പുണ്ണുകൾ പടർന്നിട്ടുണ്ടവന്നും കരൾക്കാമ്പിൽ.
ഒട്ടേറെക്കാലം മുമ്പിലച്ചെറുപഞ്ഞക്കുടിൽ-
ത്തൊട്ടിലിൽ കൈക്കുഞ്ഞായിപ്പിറന്ന കാലം മുതൽ,
ലക്ഷ്യമെ,ങ്ങറിയാതെ,മൃത്യുവിൻ ഭയാനക-
ശിക്ഷയിൽബ്ഭയം പൂണ്ടു കാൽക്ഷണം പതറാതെ,
ജീവിതം കയറ്റിയോരിൽക്കടബ്ഭാരം തിങ്ങു-
മാവണ്ടി വലിക്കയാണിസ്സാധു നാളിൽ നാളിൽ!
ഗ്രാമവീഥിയിൽ ,നേരം വെളുക്കെ,ക്കുടംപേറി,
ത്താമരക്കുളം നോക്കിക്കന്യമാർ ഗമിക്കുമ്പോൾ,
പുഞ്ചയ്ക്കു വെള്ളം തേവും കൃഷിക്കാർതൻ ശുദ്ധമാം
നെഞ്ചുകൾ സംഗീതമായ് ചുറ്റിലും ചുറ്റീടുമ്പോൾ,
ഉച്ചയ്ക്കു വഴിവക്കിൽപ്പേരാലിൻ ചുവട്ടിലായ്
സ്വച്ഛനിദ്രയിൽ മുങ്ങിപ്പഥികൾ ശയിക്കുമ്പോൾ;
ചാഞ്ഞിടും കരിക്കൊടിവള്ളിയൂഞ്ഞാലാടി-
ക്കാഞ്ഞിരമരത്തോപ്പിൽ തത്തകൽ ചിലയ്ക്കുമ്പോൾ,

-പി ഭാസ്കരൻ

**വൈഷ്ണവ് വർമ്മ എം -IX.A**

# വരയുടെ വഴിയിൽ-ക്രിസ്തുമസ്പുലരി




-അർജുൻ ബിനു -X.B

# വിദ്യാർത്ഥി സമൂഹത്തിൽ മാധ്യമങ്ങൾക്കുള്ള പങ്ക്....

വിദ്യാർത്ഥി സമൂഹത്തിൽ മാധ്യമങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ട്. വാട്സാപ്പ് ,ഫേസ്ബുക്ക് നവമാധ്യമങ്ങളാണ് ആധുനികകാലത്ത് എല്ലാവരും ഉപയോഗിക്കുന്നത്. ഇന്ന് വായനയും എഴുത്തും എല്ലാം മറന്ന് സോഷ്യൽ മീഡിയയുടെ പിന്നാലെ പോകുന്നു.

ഇന്റർനെറ്റ്, ഫേസ്ബുക്ക്, വാട്സ് അപ്പ് തുടങ്ങിയ മാധ്യമങ്ങൾ വിദ്യാർത്ഥികളെ വളരെധികം സഹായിക്കുന്നുണ്ട്. ഈ ലോകത്തിലെ ഏത് കാര്യവും നമുക്ക് കണ്ണ് തുറക്കുന്ന സമയം കൊണ്ട് കാണാനും മനസ്സിലാക്കാനും കഴിയുന്നു.പഠനകാര്യവും വളരെയധികം വേഗത്തിൽ മനസ്സിലാക്കാൻ കഴിയുന്നു.

ഒരു നാണയത്തിന് രണ്ട് വശങ്ങളുള്ളത് പോലെ മാധ്യമങ്ങൾക്കും രണ്ട് വശങ്ങളുണ്ട് -നന്മയും തിന്മയും. അതിൽ എല്ലാവരും തന്നെ തിന്മയായിരിക്കും തിരഞ്ഞെടുക്കുന്നത്.നന്മയെ എല്ലാ വരും അകറ്റി നിർത്തും. നല്ല രീതിയിൽ മാധ്യമ ങ്ങൾ ഉപയോഗിച്ചില്ലെങ്കിൽ വിപരീത ഫലമായ ദോഷമായിരിക്കും വരുന്നത്."എണ്ണ നിറച്ച കരണ്ടി"എന്ന കഥ യിൽ ഗുരു ശിഷ്യന് പറഞ്ഞു കൊടുത്തത് ഇങ്ങനെയാണ്."ഈ ലോകത്തിലെ കാഴ്ചകൾ മതിമറന്ന് നീ കണ്ടോളൂ .പക്ഷെ കരണ്ടിയിലെ എണ്ണ കൈവിടാതെ നോക്കണം.” അതായിരിക്കണം നമ്മുടെ ജീവിതത്തിലെ കാഴ്ചകൾ. ജീ

വിതം ആസ്വദിച്ചോളൂ, പക്ഷെ മനസ്സിൽ നന്മ മായാതെ കിടക്കണം. നന്മയെ ചേർത്തുപ്പിടിച്ച് തിന്മയെ അകറ്റിനിർത്തുന്ന ജീവിതം തുടരട്ടെ....




**ബീമ നസ്റിൻ കെ എം -IX.C**




## ലിറ്റിൽ കൈറ്റ്സ്

## കാർഡിനൽ എച്ച് എസ് തൃക്കാക്കര